done by the Central or State Governments in their jurisdiction. അപ്പോൾ ലാ എന്നുപറഞ്ഞാൽ മനുഷ്യൻ നിയമം അനുസരിക്കണമെന്നു പറഞ്ഞാൽ ഗവൺമെന്റ് ഇറക്കുന്ന എല്ലാ ഓർഡേഴ്സും നിയമമാണ്. സുപ്രീംകോടതി ആ രീതിയിലാണ് ലായെ വ്യാഖ്യാനിച്ചിട്ടുള്ളത്. ഏതായാലും അതിന്റെ ലീഗൽ ഇംപ്ലിക്കേഷനിലേക്ക് ഞാൻ കടക്കുന്നില്ല. ഇത്തരം ഒരു പെൻഷനെ സംബന്ധിച്ച് അവർ സംസാരിച്ചതാണ് സാർ, ആ പെൻഷൻ നിയമത്തിന്റെ ആവശ്യകത കുറച്ച് കൂടി ചർച്ചചെയ്ത് വിപുലമായ അതിന്റെ ഇംപ്ലിക്കേഷന്റെ എല്ലാ വശങ്ങളും പഠിക്കാനാണ്. ഇത്രയും കാലം അങ്ങനെയൊരു പെൻഷൻ ആക്ട് ഇവിടെ വന്നില്ല. 1871-ലെ പെൻഷൻ ആക്ടിനുശേഷം സ്റ്റേറ്റ് ഗവൺമെന്റും ഇത് ജീവനക്കാരുടെ ആവശ്യമെന്നപോലെ, ഇതിന്റെ എക്സ്ടെൻഷനായിട്ടാണ് ഇത് നടക്കുന്നത്. ശമ്പളം പോലെ, പിന്നെ മറ്റൊരു കാര്യം ചികിത്സാ പദ്ധതി. ആ ചികിത്സാ പദ്ധതി നിശ്ചയമായും ഈ ഗവൺമെന്റ് നടപ്പിലാക്കും. അടുത്ത വർഷം തന്നെ അത് നടപ്പിലാക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. അതുപോലെ തന്നെ ക്ഷേമനിധിയുടെ കാര്യം, അതും ഗവൺമെന്റ് അനുകൂലമായിത്തന്നെ പരിഗണിക്കും. അതിനോട് നിഷേധാർത്ഥമകമായ സമീപനമല്ല ഉള്ളത്. പലതവണ പറഞ്ഞതാണ് ഇപ്പോൾ പറയുന്നത്. നടക്കുമോ എന്ന് നോക്കുക. റോബർട്ട് ബ്രൂസ് എട്ടാമത്തെ തവണയാണ് യുദ്ധം ജയിച്ചത്, സ്കോട്ട്ലാന്റിലെ രാജാവായ അദ്ദേഹം ഏഴു പ്രാവശ്യം യുദ്ധം തോറ്റിട്ട് എട്ടാമത്തെ പ്രാവശ്യമാണ് ജയിച്ചത്. അപ്പോൾ എട്ടുപ്രാവശ്യം അങ്ങനെയുണ്ടാകും. എട്ടാമത് നോക്കുക.

മി. സ്പീക്കർ : റോബർട്ട് ബ്രൂസ് പഠിച്ചത് ചിലന്തിവലയിൽ നിന്നാണ്.

ശ്രീ. ടി. ശിവദാസമേനോൻ : അപ്പോൾ എന്നെ പ്രേരിപ്പിക്കുന്ന ചിലന്തികളാണ് ഇപ്പോൾ ഇവിടെയുള്ളത്. നിശ്ചയമായും ഈ പെൻഷൻ ആക്ട് അമെന്റുമെന്റ് കൊണ്ടുവരുന്ന മാതിരിയുള്ള കോംപ്ലിക്കേഷൻ ക്ഷേമനിധിയിലില്ല. അതുപോലെതന്നെ മെഡിക്കൽ സ്കീമിനുമില്ല. അത് സജീവമായിട്ടുതന്നെ ഗവൺമെന്റ് പരിഗണിക്കും. പിന്നെ ഇവർക്കു കൊടുക്കുന്ന ഫെസ്റ്റിവൽ അലവൻസ് അത് ഒരു സംഖ്യയാണ് കൊടുത്തിരുന്നത്. അവരുടെ ഡിമാന്റ് എന്താണെന്നുവച്ചാൽ എത്ര ദിവസത്തെ അല്ലെങ്കിൽ എത്ര മാസത്തെ എന്ന രീതിയിൽ ആകണമെന്നാണ് നിശ്ചയമായിട്ടും ആ രീതിയിൽ ചെയ്യും.

മി. സ്പീക്കർ : ശ്രീ. പി. പി. തങ്കച്ചൻ, അങ്ങയുടെ സബ്മിഷൻ അടുത്ത ദിവസം വയ്ക്കാമല്ലേ, തിങ്കളാഴ്ച.

ശ്രീ. പി. പി. തങ്കച്ചൻ : തിങ്കളാഴ്ച മന്ത്രി വരില്ല. അപ്പോൾ 20-ാം തീയതി തിങ്കളാഴ്ച വയ്ക്കാം.

(13) ട്രഷറി ജീവനക്കാർ മാർച്ച് 10-ാം തീയതി നടത്തുന്ന പണിമുടക്ക്

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ട്രഷറി വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പലവട്ടമായി അഞ്ചു നിവേദനങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രശ്ന പരിഹാരാർത്ഥം ചർച്ച നടത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനൊന്നും ഇതുവരെയാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഈ വകുപ്പിലെ കാര്യങ്ങളെ കുറിച്ച് മന്ത്രി ഇതുവരെ സർവ്വീസ് സംഘടനകളെ വിളിച്ച് ആലോചിച്ചിട്ടില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മാർച്ച് എട്ടിന് ട്രഷറി ഡയറക്ടറേറ്റ് പടിക്കലും ജില്ലാ സബ്ട്രഷറികളുടെ മുമ്പിലും ജീവനക്കാർ പണിമുടക്ക് നടത്തുകയുണ്ടായി. എന്നിട്ടും നടപടികൾ കാണാത്തതുകൊണ്ട് നാളെ മാർച്ച് 10-ന് ട്രഷറി ജീവനക്കാർ പണിമുടക്ക് നടത്തുന്നു. ജനകീയാസൂത്രണത്തെ തുടർന്ന് ട്രഷറികളിൽ അദ്ധ്വാനഭാരം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ മുഖേന ഒട്ടനവധി ചെക്കുകൾ ട്രഷറികളിലേക്ക് വരുന്നു. ദിവസം പ്രതി നൂറും നൂറ്റമ്പതും ചെക്കുകൾ കൂടുതലായി കൈകാര്യം ചെയ്യേണ്ടിവരുന്നു. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. ഒരു സബ്ട്രഷറിക്ക് ഒരു ക്ലാർക്കിനെയെങ്കിലും കൂടുതൽ കൊടുക്കണമെന്ന് ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ നൽകിയിട്ടില്ല. കംപ്യൂട്ടറുകൾ കൊണ്ടുവന്നാൽ എല്ലാത്തിനും പരിഹാരമായി എന്നതാണ് ഗവൺമെന്റിന്റെ നയമെന്നു തോന്നുന്നു. ഏകപക്ഷീയമായി തിരുവനന്തപുരം ജില്ലാട്രഷറിയിൽ കംപ്യൂട്ടറുകൾ സ്ഥാപിച്ച് ജീവനക്കാർക്ക് പരിശീലനം നൽകാത്തതുകൊണ്ട് ചെക്കുകൾ ദിവസങ്ങളോളം താമസിക്കുന്നു. അദ്ധ്വാനഭാരം കൂടുന്നു എന്ന സ്ഥിതിയാണ് ഇന്നുള്ളത്. ബാങ്കുകൾ ചെയ്തുകൊണ്ടിരുന്ന ജോലികൾ പോലും ട്രഷറികൾക്ക് നൽകി. ജീവനക്കാരെ മാത്രം നൽകിയില്ല. ഒഴിവുള്ള തസ്തികപോലും നികത്തുന്നില്ല. പല ട്രഷറികളിലും കംപ്യൂട്ടറിന്റെ കവർപോലും പൊളിച്ചിട്ടില്ല. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. പഞ്ചായത്തുകൾതോറും ട്രഷറി അനുവദിക്കാനും ട്രഷറി വകുപ്പ് പുനഃസംഘടിപ്പിക്കാനും തയ്യാറാകണം എന്നതാണ് അവരുടെ ആവശ്യം. സർക്കാർ ഖജനാവിലേക്ക് അയ്യായിരം കോടിയിലേറെ രൂപ ട്രഷറി ജീവനക്കാർ സമാഹരിച്ചുകൊടുക്കുന്നു. ട്രഷറി ജീവനക്കാർക്ക് കൂടുതലായി ചെയ്യേണ്ടിവരുന്ന ഈ ജോലികൾ സ്ഥിരനിക്ഷേപ തുകയുടെ ഒരു ശതമാനം ഇൻസെന്റീവായി നൽകുന്നത് മാസങ്ങളായി തടഞ്ഞുവച്ചിരിക്കുകയാണ്. ട്രഷറി ജീവനക്കാരുടെ മുമ്പിലും ധനകാര്യവകുപ്പുമന്ത്രി കടക്കാരനായി നിൽക്കുന്നു എന്നുള്ളത് അങ്ങേക്ക് ഒരു ഭൂഷണമല്ല. സർക്കാർ ഖജനാവ് അടച്ചുപൂട്ടാതിരിക്കുന്നത് ട്രഷറി ജീവനക്കാരുടെ കഴിവുകൂടി കൊണ്ടാണെന്ന് അങ്ങേക്കറിയാം. അവർ നിക്ഷേപകരുടെ കയ്യും കാലും പിടിച്ച് നിക്ഷേപം കൊണ്ടുവരുമ്പോൾ ഒരു ശതമാനം തുക കൊടുക്കാതിരിക്കുന്നതുകൂടി പിടിച്ചെടുത്തു ഖജനാവ് കൊള്ളയടിക്കുന്ന നടപടി സർക്കാർ അവസാനിപ്പിക്കണം. ഇൻസെന്റീവ് നിർത്താനുള്ള നീക്കം അവസാനിപ്പിച്ച് ട്രഷറി ജീവനക്കാരുടെ ഇൻസെന്റീവ് കഴിയുംവേഗം നൽകണം. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളുടെ എണ്ണത്തിനനുസരിച്ച് ജീവനക്കാരെ നിയമിക്കണം. കോടാനുകോടി രൂപയുടെ ചെക്കുകൾ ഒപ്പുവയ്ക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് പാസ്സിംഗ് ഓഫീസറുടെ തസ്തിക ഗസറ്റഡ് ആക്കണം. എൻ.ജി.ഒ. അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. കമ്പറ നാരായണൻ സമർപ്പിച്ചിട്ടുള്ള പണിമുടക്കു നോട്ടീസിലെ ഏഴ് ആവശ്യങ്ങളും അംഗീകരിച്ച് അവരെ പണിമുടക്കിൽനിന്ന് ഒഴിവാക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിക്കണം.

മി. സ്പീക്കർ : ഈ സമരത്തെക്കുറിച്ച് പറയുമ്പോൾ അവരുടെ ഡിമാന്റ്സ് എല്ലാം പറയണമെന്നില്ല. അതിന്റെ ഒരു നോട്ടീസ് മന്ത്രിക്കു കൊടുക്കുക. ഇന്നലെ ഒരു സമരത്തിന് 21 ഡിമാന്റ് ഉണ്ടായിരുന്നു. കഴിഞ്ഞദിവസം 51 ഡിമാന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. ഒരുപാട് ഉണ്ടാകും. ഇത് അങ്ങനെ ചെയ്യുന്നതാണ് നല്ലത്. പിന്നെ ചർച്ചയ്ക്കു വിളിക്കണമെന്ന് ആവശ്യപ്പെടാം. സമരത്തിന്റെ കാര്യം ഇതാണ്. സമരം നടത്തുന്നത് എന്തിനാണ് ? സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് ഇതിൽ ഇടപെടുക.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇതിൽ കുറെ ഒഴിവാക്കാൻ സാധിക്കും. പക്ഷേ, ഈ ഗവൺമെന്റിന്റെ നയം ജീവനക്കാരനോ തൊഴിലാളിയോ ഒരു സമരം നടത്തിയാൽ ആ ഡിപ്പാർട്ടുമെന്റിനെ ഒരു ചർച്ചയ്ക്കുപോലും വിളിക്കില്ല. ഇതുപോലെയൊരു ഗവൺമെന്റ് ഉണ്ടായിട്ടില്ല. ഗവൺമെന്റിന് അങ്ങനെയൊരു ഡയറക്ഷൻ കൊടുത്താലേ പ്രശ്നം തീരൂ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അദ്ധ്യാനഭാരത്തിന് അനുസരിച്ച് ട്രഷറികളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുക, ഇൻസെന്റിവ് വിതരണത്തിന് ആവശ്യമായ ഡിമാന്റ് ഒന്നും ഞാൻ പറയുന്നില്ല. ഒരു ദിവസത്തെ പണിമുടക്ക് നടത്തുന്നതായി എൻ.ജി.ഒ. അസോസിയേഷനും ട്രഷറി സ്റ്റാഫ് യൂണിയനും നോട്ടീസ് അയച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ട്രഷറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് നിഷേധാത്മകമായ സമീപനമല്ല. കൊള്ളയടിക്കുകയൊന്നും ചെയ്തിട്ടില്ല. കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ഓഫീസുകൾ പുതുതായി ആരംഭിച്ചു. ഇതിലേക്കായി ഒരു ഡെപ്യൂട്ടി ഡയറക്ടറും ഒരു സീനിയർ സൂപ്രണ്ടും ഉൾപ്പെടെ മൊത്തം 21 തസ്തികകളും സൃഷ്ടിച്ചു. കൂടാതെ മൂന്നു ജില്ലാ ട്രഷറികൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിൽ ചെർപ്പളശ്ശേരി റൂറൽ സബ്ട്രഷറി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. മറ്റുള്ളവ ഉടൻ ആരംഭിക്കുന്നതാണ്. ഇവയ്ക്കു പുറമേ മട്ടന്നൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലും റൂറൽ ജില്ലാ ട്രഷറികൾ ആരംഭിക്കാൻ നടപടി എടുത്തു വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 13 പുതിയ സബ്ട്രഷറികൾ ആരംഭിച്ചു. ഏറ്റവും അവസാനം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ട്രഷറി വകുപ്പിൽ 137 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ട്രഷറികളുടെ പ്രവർത്തനം ജനോപകാരപ്രദം ആക്കുന്നതിനും ജോലി ലഘൂകരിക്കുന്നതിനും കംപ്യൂട്ടർവൽക്കരണം നടന്നുവരികയാണ്. അതിന്റെ ആദ്യ ഉദ്ഘാടനം നടന്നു കഴിഞ്ഞു. അടുത്ത രണ്ടു ഘട്ടങ്ങളിലായി കംപ്യൂട്ടർവൽക്കരണം online banking അതിലേക്ക് നമ്മൾ നീങ്ങുകയാണ്. ട്രഷറികളേയും കംപ്യൂട്ടർ നെറ്റ് വർക്കിൽ ഇടുകയാണ്. അങ്ങനെ കംപ്യൂട്ടർ നെറ്റുവർക്കിൽപ്പെടുത്തുന്നത് രാജ്യത്തെ ആദ്യത്തെ സംരംഭമാണ്. ഇതിലേക്ക് ജോയിന്റ് ഡയറക്ടർ, ജില്ലാ ട്രഷറി ഓഫീസർ, ജൂനിയർ സൂപ്രണ്ട് എന്നിവർ ഉൾപ്പെടെ മൊത്തം 249 പുതിയ ടെക്നിക്കൽ ആന്റ് നോൺ ടെക്നിക്കൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഇൻസെന്റീവ് പറഞ്ഞു. ഇക്കൊല്ലം 2.75 കോടി രൂപ കുടിശ്ശിക തീർക്കുകയാണ്. അധിക തുക നൽകുന്ന കാര്യം സജീവ പരിഗണനയിലാണ്. ഈ അവസരത്തിൽ ആ ഇൻസെന്റീവ് നിറുത്താൻ പോകുന്നില്ല. പക്ഷേ, ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മൾ ആലോചിക്കുന്നത് നല്ലതാണ്. ഒരു ജീവനക്കാരൻ

LIBRARY ARCHIVES Kerala Legislative Assembly

റിട്ടയർ ചെയ്തു. അപ്പോൾ അയാൾക്ക് ഗ്രാറ്റുവിറ്റി കിട്ടും. ആ ഗ്രാറ്റുവിറ്റി അയാൾ അവിടെത്തന്നെ ഇട്ടിട്ടു പോയാൽ അതിന് ഇൻസെന്റീവ് വേണമെന്നു പറയുന്ന കാര്യം നമ്മൾ ആലോചിക്കേണ്ടതുണ്ട്. ജീവനക്കാർ കാൻവാസ് ചെയ്യാതെ, ഞാൻ റിട്ടയർ ചെയ്താൽ എന്റെ ഗ്രാറ്റുവിറ്റി അവിടെ ഖജനാവിൽ കിടന്നോട്ടെ. അതിന് ഇൻസെന്റീവ് വാങ്ങിക്കുക എന്നുപറഞ്ഞാൽ ചുമ്മാ ഒരു ലോറി

11 AM] നിറുത്തിയിട്ട് പലക വച്ചുകൊടുത്താൽ താറാവുകൾ സുവോ മോട്ടോ ഇറങ്ങി വന്നുകൊള്ളും. അതിന് അൺ ലോഡിംഗ് ചാർജ്ജ് ചോദിക്കുന്നത് പോലെയാണ്. താറാവ് ഇറങ്ങിവന്നതാണ് സ്വമനസ്സാലെ....അതിന് ഓരോ താറാവിനേയും ഇറക്കിയതിന് കൂലി ചോദിച്ചാൽ...ഞാൻ ഒരു അനോളജി പറഞ്ഞു എന്നേയുള്ളൂ. പലക വച്ചാൽ താറാവ് ഇറങ്ങി വരുന്നതുപോലെ... അതുകൊണ്ട്, ഞാൻ പറയുന്നത് ഈ ഗ്രാറ്റുവിറ്റി സംഖ്യ ഒരു ഉദ്യോഗസ്ഥൻ സുവോ മോട്ടോ ട്രഷറിയിൽ നിക്ഷേപിച്ചാൽ അതിന് ഇൻസെന്റീവ് എന്നുപറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കണം. അതു നിറുത്തുന്നില്ല. നിറുത്തും എന്നു ഞാൻ പറഞ്ഞിട്ടില്ല. ട്രഷറി ജീവനക്കാരൻ കാര്യമായി ചിന്തിക്കണം. ഗവൺമെന്റും ചിന്തിക്കണം. കാരണം ഇപ്പോൾ ഇൻസെന്റീവ് നിറുത്തിയിട്ടില്ല. കൊടുക്കുന്നുണ്ട്. അതിന് കുടിശ്ശിക കൊടുക്കാൻ 2.75 കോടി രൂപ നൽകിയിട്ടുണ്ട്. ഇനി കൊടുക്കുകയും ചെയ്യും. ട്രഷറി ജീവനക്കാരോടും ഇതര ജീവനക്കാരോട് എന്നപോലെ അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പണിമുടക്ക് ആവശ്യമില്ല. അവർ പണി മുടക്ക് നിറുത്തിവയ്ക്കണമെന്ന് ഗവൺമെന്റിനുവേണ്ടി ഞാൻ അപേക്ഷിക്കുകയാണ്. നിഷേധാത്മകമായ സമീപനമല്ല, ക്രിയാത്മകമായ സമീപനമാണുള്ളത്. ആ പണിമുടക്ക് പിൻവലിക്കണം. പ്രശ്നങ്ങൾ ഏതു സമയത്താണ് ചർച്ച ചെയ്തുകൂടാത്തത്. കമ്പറ നാരായണനെ ഞാൻ മാസത്തിൽ ഒരിക്കൽ കാണാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചന്ദ്രന് അറിഞ്ഞുകൂടാഞ്ഞിട്ടാണ്. ഞങ്ങൾ കാണാറുണ്ട്, സംസാരിക്കാറുണ്ട്. അല്ലാതെ അദ്ദേഹം ഒരു വഴിക്ക് ഞാൻ വേറെ ഒരു വഴിക്ക് എന്നുള്ള സമീപനമല്ല. ഒരു സംഘടനയാകുമ്പോൾ ആവശ്യങ്ങളുന്നയിക്കണം. അതു ഡിസ്ക്കസ് ചെയ്യണം. ആ സംഘടന വർക്കു ചെയ്യണമെങ്കിൽ ഇത്തരത്തിലുള്ള എല്ലാം വേണം.

(14) 9-3-2000-ത്തിന് സ്വർണ്ണത്തൊഴിലാളികൾ നടത്തുന്ന നിയമസഭാ മാർച്ച്

ശ്രീ. ബി. വിജയകുമാർ : സർ, സംസ്ഥാനത്തെ രണ്ടരലക്ഷം സ്വർണ്ണ തൊഴിലാളികൾ ഇന്നൊരു സമരത്തിലാണ്. അവർ ഇന്ന് നിയമസഭാ മാർച്ചും ധർണ്ണയും നടത്തുകയാണ്. സ്വതന്ത്രഭാരതത്തിന്റെ സുരക്ഷയ്ക്കായി 63-ൽ സ്വർണ്ണ നിയന്ത്രണ നിയമം പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഉപജീവനത്തിനായി ചെയ്തുവന്ന തൊഴിൽ അടിയറവു വച്ച ത്യാഗോജ്ജ്വലമായ സമൂഹമാണ് സ്വർണ്ണ തൊഴിലാളികൾ. വൻ വ്യവസായികളും ഇടനിലക്കാരും ഈ പരമ്പരാഗത തൊഴിൽമേഖല കയ്യടക്കി ഗുണകരമല്ലാത്തതും അനധികൃതവുമായ റെഡിമെയ്ഡ് ആഭരണങ്ങളുടെ നിരുത്തരവാദപരമായ വില്പന കാരണമായി ഈ തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ തൊഴിലാളി സമൂഹം ദാരിദ്ര്യത്തിലേക്കും ആത്മഹത്യയിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly